**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 828. 28/02/2018 -ലെ മറുപടിക്ക്.

**ആർ.എസ്.ബി.വൈ.**

ചോദ്യം | മറുപടി

**ശ്രീ.രാജു എബ്രഹാം:**

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആർ.എസ്.ബി.വൈ.) യിൽ ഇപ്പോൾ എത്ര അംഗങ്ങളാണ് ഉള്ളത്; ഇതിന്റെ പ്രീമിയം ഇനത്തിൽ കഴിഞ്ഞ 3 വർഷങ്ങളിൽ (2015, 16, 17) സംസ്ഥാന സർക്കാർ വിഹിതമായി എത്ര തുകയാണ് അടച്ചിട്ടുള്ളത്; പ്രസ്തുത കാലയളവിൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; ക്ലെയിം ഇനത്തിൽ എത്ര തുകയാണ് ഗുണഭോക്താക്കൾക്ക് ലഭിച്ചത് എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; | (എ) | ആർ.എസ്.ബി.വൈ./ചിസ് പദ്ധതിയിൽ ഇപ്പോൾ (2017-18) 34,84,724 കുടുംബങ്ങളാണ് ഉള്ളത്. പ്രീമിയം ഇനത്തിൽ കഴിഞ്ഞ 3 വർഷങ്ങളിൽ (2015, 16, 17) സംസ്ഥാന സർക്കാർ വിഹിതമായി അടച്ച തുക സംബന്ധിച്ചും പ്രസ്തുത കാലയളവിൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു എന്നും ക്ലെയിം ഇനത്തിൽ എത്ര തുകയാണ് ഗുണഭോക്താക്കൾക്ക് ലഭിച്ചത് എന്നതു സംബന്ധിച്ചുമുള്ള വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഈ പദ്ധതി പ്രകാരം ചികിത്സ നൽകാൻ സമ്മതം അറിയിച്ചിട്ടുള്ള സ്വകാര്യ ആശുപത്രികൾക്ക്, ചികിത്സ നടത്തിയ ഇനത്തിൽ ഇനിയും പണം ലഭിക്കാനുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ 2015, 16, 17 വർഷങ്ങളിലെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇത് കൊടുക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | ഉണ്ട്. 2015, 16, 17 വർഷങ്ങളിൽ ചികിത്സ നടത്തിയ ഇനത്തിൽ നല്കാനുള്ള പണം സംബന്ധിച്ച വിശദാംശം അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു.<br><br>RSBY പദ്ധതി പ്രകാരം പദ്ധതി നടത്തിപ്പിനായി ആശുപത്രിയും ഇൻഷ്വറൻസ് കമ്പനിയും തമ്മിലാണ് കരാർ ഒപ്പിടുന്നത്. ചികിത്സ |

| | | | |
|---|---|---|---|
| | | | നടത്തിയതിന്റെ തുക ഇൻഷ്വറൻസ് കമ്പനി ആശുപത്രിക്ക് നേരിട്ടാണ് നൽകുന്നത്. ഇതിൽ എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ പദ്ധതി പ്രകാരം ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാ പരാതി പരിഹാര കമ്മിറ്റിക്ക് പരാതി സമർപ്പിക്കുന്ന പക്ഷം പരാതി പരിഹരിക്കുന്നതാണ്. 2015-16 മുതൽ 2017-18 വരെ ലഭിച്ചിട്ടുള്ള പരാതികൾ കമ്മിറ്റി പരിഹരിച്ചു വരികയാണ്. |
| (സി) | പല സ്വകാര്യ ആശുപത്രികളും ആർ. എസ്.ബി.വൈ പ്രകാരമുള്ള ചികിത്സ നടത്താൻ തയ്യാറാകുന്നില്ല എന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഉണ്ട്. RSBY/CHIS ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സ്വകാര്യ ആശുപത്രികൾ പുതിയതായി ചേരുകയും പദ്ധതിയിൽ നിന്നും പിന്മാറുകയും ചെയ്യുന്നുണ്ട്. ഇതിനു ആശുപത്രിക്ക് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ട്. പദ്ധതി മാനദണ്ഡം പാലിക്കാത്ത പക്ഷം അച്ചടക്ക നടപടികൾ സ്വീകരിക്കാറുമുണ്ട്. ഇതു ചിയാക്കിന്റെ അറിവോടുകൂടിയാണ് നടക്കുന്നത്. ഇതിൽ എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ പദ്ധതി പ്രകാരം ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാ പരാതി പരിഹാര കമ്മിറ്റിക്ക് പരാതി സമർപ്പിക്കുന്ന പക്ഷം പരാതി പരിഹരിക്കുന്നതുമാണ്. |

Sreedev

സെക്ഷൻ ഓഫീസർ

**അനുബന്ധം 'എ'**

## പ്രീമിയം ഇനത്തിൽ കഴിഞ്ഞ 3 വർഷങ്ങളിൽ (2015, 16, 17) സംസ്ഥാന സർക്കാർ വിഹിതമായി ലഭിച്ച തുക

| RSBY/CHIS | | | | | |
|---|---|---|---|---|---|
| 2015-16 | | 2016-17 | | 2017-18 | |
| ഗുണഭോക്തൃ കുടുംബങ്ങൾ | സംസ്ഥാനസർക്കാർ പ്രീമിയം തുക | ഗുണഭോക്തൃ കുടുംബങ്ങൾ | സംസ്ഥാനസർക്കാർ പ്രീമിയം തുക | ഗുണഭോക്തൃ കുടുംബങ്ങൾ | സംസ്ഥാനസർക്കാർ പ്രീമിയം തുക |
| 3192917 | 113,77,80,276 | 3253504 | 99,59,37,569 | 3484724 | 172,48,60,192 |

| ചികിത്സ ആനുകൂല്യം, ക്ലെയിം ഇനത്തിൽ ഗുണഭോക്താക്കൾക്ക് ലഭിച്ച തുക | | | | | |
|---|---|---|---|---|---|
| 2015-16 | | 2016-17 | | 2017-18* | |
| ക്ലെയിം എണ്ണം | തുക | ക്ലെയിം എണ്ണം | തുക | ക്ലെയിം എണ്ണം | തുക |
| 525567 | 205,86,25,655 | 585917 | 267,51,00,899 | 600594 | 258,46,37,050 |

*2018 ജനുവരി 31 വരെ

സെക്ഷൻ ഓഫീസർ

അനുബന്ധം 'ബി'

## പദ്ധതിയിൽ അംഗമായ സ്വകാര്യ ആശുപത്രികളുടെ ക്ലെയിം വിവരങ്ങൾ ചുവടെ ചേർക്കുന്നു

2015-16

| Total Received Claims | | Total Claims Paid | | Total Rejected/pending for settlement Claims | |
|---|---|---|---|---|---|
| Count | Amount | Count | Amount | Count | Amount |
| 1,53,521 | 60,30,07,422 | 1,47,182 | 56,13,65,647 | 6,339 | 3,21,09,948 |

2016-17

| Total Received Claims | | Total Claims Paid | | Total Rejected/pending for settlement Claims | |
|---|---|---|---|---|---|
| Count | Amount | Count | Amount | Count | Amount |
| 1,96,058 | 94,98,64,358 | 1,89,503 | 85,23,87,361 | 6,555 | 9,74,76,997 |

2017-18

| Total Received Claims | | Total Claims Paid | | Total Rejected/pending for settlement Claims | |
|---|---|---|---|---|---|
| Count | Amount | Count | Amount | Count | Amount |
| 1,96,754 | 91,76,43,978 | 1,50,827 | 64,68,56,846 | 45927 | 27,07,87,132 |